I/156892/2024

**ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടറുടെ (മെഡിക്കൽ) നടപടിക്രമം, തിരുവനന്തപുരം**

വിഷയം: ആ വ ഡ: ജീവനക്കാര്യം- ശ്രീ. മുഹമ്മദ് റഫീഖ്, ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ്2- അച്ചടക്ക നടപടിക്ക് വിധേയമായി സർവീസിൽ പുന:പ്രവേശിപ്പിച്ച് ഉത്തരവാകുന്നു.

പരാമർശം: 1. ഉത്തരവ് നമ്പർ. DHS/4361/2023-EC6 തീയതി 16.03.2023
2 .ബഹു. കേരള ഹൈക്കോടതിയുടെ CRL MC No.4928/2023 കേസിന്മേലുള്ള 21/12/2023 തീയതിയിലെ ഉത്തരവ്
3. ഉത്തരവ് നമ്പർ. DHS/4361/2023-EC6 തീയതി 26.01.2024

**ഉത്തരവ് നമ്പർ. DHS/3467/2023-EF4 തീയതി 14-02-2024**

ആലപ്പുഴ ജില്ലയിലെ മുതുകുളം സാമൂഹികാരോഗ്യകേന്ദ്രത്തിൽ ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ് 2 തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീ. മുഹമ്മദ് റഫീഖിനെ 1960 KCS(CC&A) ചട്ടങ്ങൾ, ചട്ടം 10(3) പ്രകാരം അറസ്റ്റ് രേഖപ്പെടുത്തിയ തീയതിയായ 12/03/2023 മുതൽ പ്രാബല്യത്തിൽ വരത്തക്ക വിധത്തിൽ അച്ചടക്ക നടപടിക്കും തുടർ അന്വേഷണത്തിനും വിധേയമായി സർവീസിൽ നിന്നും സസ്പെൻഡ് ചെയ്തു കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

പരാമർശം (2) ലെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ CRL MC No.4928/2023 കേസിന്മേലുള്ള 21/12/2023 തീയതിയിലെ ഉത്തരവ് പ്രകാരം ടിയാനെതിരെയുള്ള കേസിലെ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ടുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാനെ സർവീസിൽ തിരികെ പ്രവേശിപ്പിക്കുന്നതിന് പരാമർശം (3) പ്രകാരം അനുമതി നൽകി ഉത്തരവായിരിക്കുന്നു.

അതിനാൽ ശ്രീ. മുഹമ്മദ് റഫീഖ്, ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ് 2 വിനെ ഇടുക്കി ജില്ലയിലെ കാന്തല്ലൂർ കുടുംബാരോഗ്യകേന്ദ്രത്തിൽ നിലവിലുള്ള ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ് 2 വിന്റെ ഒഴിവിലേക്ക് നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ടിയാൾ ജോലിയിൽ പ്രവേശിച്ച വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

Signed by
Dr Nandakumar K V
Date: 14-02-2024 19:03:00

**ഡോ. നന്ദകുമാർ. കെ.വി**

**അഡീഷണൽ ഡയറക്ടർ (മെഡിക്കൽ)**

സ്വീകർത്താവ്

ശ്രീ. മുഹമ്മദ് റഫീഖ്,
ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ്2

പകർപ്പ്

1. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഇടുക്കി,ആലപ്പുഴ
2. സൂപ്രണ്ട്, കാന്തല്ലൂർ സാമൂഹികാരോഗ്യകേന്ദ്രം, ഇടുക്കി
3. സൂപ്രണ്ട്, ഇ. സി സെക്ഷൻ
4. ഫയൽ/കരുതൽ ഫയൽ